ഭരണഭാഷ മാതൃഭാഷ

AHD/6579/2024-X5

മൃഗസംരക്ഷണവകുപ്പ് ഡയറക്ടറേറ്റ്
വികാസ് ഭവൻ,തിരുവനന്തപുരം -33
ഫോൺ : 0471 -2302283
ഇമെയിൽ : directorah.ker@nic.in
തീയതി :07-02-2025

## സർക്കുലർ

വിഷയം:- മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ് - വിജിലൻസ് - ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും മരുന്നുകൾ വിതരണം ചെയ്യുന്നതിൽ ക്രമക്കേടില്ലെന്ന് ഉറപ്പുവരുത്തുന്നത് സംബന്ധിച്ച്

സൂചന:- സർക്കാർ കത്ത് നമ്പർ ഇ3/124/2024-എ.എച്ച്. തീയതി 24.04.2024

സംസ്ഥാനത്തെ മൃഗാശുപത്രികളിൽ നടക്കുന്ന അഴിമതി കണ്ടെത്തുന്നതിനായി ഓപ്പറേഷൻ വെറ്റ്സ്കാൻ എന്ന പേരിൽ വിജിലൻസ് ആൻഡ് ആന്റികറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനകളിൽ, വകുപ്പിന്റെ സ്ഥാപനങ്ങളിൽ സർക്കാർ വിതരണം ചെയ്യാത്തതും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്താത്തതുമായ സ്വകാര്യ കമ്പനികളുടെ മരുന്നുകളും, എക്സ്പയറി ഡേറ്റ് കഴിഞ്ഞിട്ടുള്ള നിരവധി മരുന്നുകളും കണ്ടെത്തുകയുണ്ടായി. മാത്രമല്ല, മരുന്നുകളുടേയും വാക്സിനുകളുടേയും വിവരങ്ങൾ കൃത്യമായി രജിസ്റ്ററുകളിൽ രേഖപ്പെടുത്തി സൂക്ഷിക്കാറില്ലാത്തതായും കാണപ്പെട്ടിട്ടുണ്ട്. ഇത്തരത്തിലുള്ള അപാകതകൾ ഒഴിവാക്കേണ്ടത് അത്യാവശ്യമാണ്.

അതിനാൽ, ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും ഡിസ്പെൻസറികളിലേയ്ക്ക് നല്കുന്ന മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ മാസത്തിലൊരിക്കൽ ജില്ലാ മൃഗസംരക്ഷണ ഓഫീസർമാർ പരിശോധന നടത്തി മരുന്നുകൾ വിതരണം ചെയ്യുന്നതിൽ ക്രമക്കേടുകൾ നടത്തുന്നില്ലായെന്നും, എക്സ്പയറി ഡേറ്റ് കഴിഞ്ഞ മരുന്നുകൾ നിയമപരമായി ഡിസ്പെൻസറിയിൽ നിന്നും ഒഴിവാക്കുന്നതിന് വേണ്ട നടപടികൾ ബന്ധപ്പെട്ട വെറ്ററിനറി സർജൻ(സ്ഥാപന മേധാവി) സ്വീകരിക്കുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്. വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ

പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിയ്ക്കേണ്ടതാണ്.

Signed by
Sindhu K
Date: 07-02-2025 12:48:33

ADDITIONAL DIRECTOR
ഡയറക്ടർക്കുവേണ്ടി

സ്വീകർത്താവ് :

എല്ലാ ജില്ലാ മൃഗസംരക്ഷണ ഓഫീസർമാർക്കും

പകർപ്പ് :

1) ഐ ടി സെക്ഷൻ( വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

2) സൂക്ഷിപ്പ് ഫയൽ- എക്സ്.5